# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
## നക്ഷത്രചിഹ്നമിട്ട ചോദ്യം നം.98 14.06.2012 - ൽ മറുപടിക്ക്

## കരമന - കളിയിക്കാവിള റോഡ് വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കോവൂർ കുഞ്ഞുമോൻ**<br>**ശ്രീ. എ.എ.അസീസ്** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത് വകുപ്പുമന്ത്രി)** |
| (എ) കരമന - കളിയിക്കാവിള റോഡ് വികസനത്തിന് ഈ സർക്കാർ അധികമാരമേറ്റ ശേഷം കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ; | (എ) 03.10.2011 -ന് ബഹു.മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലും പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും പരാതിക്കാരുടെ പ്രതിനിധികൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുമായി വിശദമായ ചർച്ച നടത്തിയിരുന്നു. തുടർന്ന് 04.01.2012 -ൽ നടന്ന മീറ്റിങ്ങിലെ തീരുമാന പ്രകാരം പ്രസ്തുത റോഡിന്റെ മോഡിഫൈഡ് അലൈൻമെന്റ് പ്ലാൻ തയ്യാറാക്കാൻ തീരുമാനിക്കുകയും 31.01.2012 -ൽ റിവൈസ്ഡ് അലൈൻമെന്റ് പ്ലാൻ അംഗീകാര ത്തിനായി ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് സമർപ്പിക്കുകയും 23.02.2012 ലെ സർക്കാർ ഉത്തരവ് (സാധാ)നം.273/ 2012/പൊമവ പ്രകാരം മോഡി ഫൈഡ് അലൈൻമെന്റ് അംഗീകരി ക്കുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം റവന്യൂ അധികാരികളുമായി സംയുക്ത പരിശോധന നടത്തുകയും വിട്ടുപോയ സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | പുതിയ സർക്കാർ ഉത്തരവ് പ്രകാരം 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. |
| (ബി) | എത്ര മീറ്റർ വീതിയിലാണ് കരമന-കളിയിക്കാവിള റോഡ് വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നത്; | (ബി) | 30.20 മീറ്റർ വീതിയിൽ റോഡ് വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഈ റോഡ് വികസനത്തിന് സ്കെച്ചും പ്ലാനും അടങ്ങിയ രൂപരേഖ തയ്യാറായിട്ടുണ്ടോ; | (സി) | ജംഗ്ഷനുകൾ ഒഴികെയുള്ള റോഡിന്റെ മോഡിഫൈഡ് അലൈൻമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ ഇതിന്റെ സോഫ്റ്റ് കോപ്പി ലഭ്യമാക്കുമോ; | (ഡി) | ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമാണ്. |
| (ഇ) | ഈ റോഡ് വികസനം എന്ന് തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | | റവന്യൂ വകുപ്പിൽ നിന്നും 4(1) നോട്ടിഫിക്കേഷന്റെ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് റോഡ് പണി തുടങ്ങാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ